# സ്വപ്നം



സി.എം.ജി.എച്ച്.എസ്.എസ്.കുറ്റൂർ

ലിറ്റിൽ കൈറ്റ്സ് 2019-2020

# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വലിയൊരു മുന്നേറ്റമാണ് നടക്കുന്നത്. പഴയകാലങ്ങളിൽ നിന്ന സാങ്കേതികരംഗം തികച്ചും വളർന്നിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെല്ലാം ഹൈടെക്ക് ആക്കിയിരിക്കുന്നു സാങ്കേതിക വിദ്യയുടെ അറിവുകൾ പുതിയ തലമുറയ്ക്ക് പകർന്ന് നൽകുന്ന പദ്ധതിയാണ് " ലിറ്റിൽകൈറ്റ്സ് " സമൂഹമൊട്ടാകെ സാങ്കേതികവിദ്യ പകർന്ന് കൊടുക്കുന്നതിൽ സംഭാവനയായി നൽകിക്കൊണ്ട് കുറ്റൂർ ചന്ദ്രമെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ" ലിറ്റിൽ കൈറ്റ്സ്-"ലെ കുട്ടികളുടെ **സ്പെക്ട്രം**

എന്ന ഡിജിറ്റൽ മാഗസീൻ ഞങ്ങൾ ഇവിടെ നിങ്ങൾക്കായി സവിനയം സമർപ്പിക്കുന്നു.

എഡിറ്റർ

# സന്ദേശം



**മുരളീധരൻ .വി .സി**
**ഹെഡ്മാസ്റ്റർ**

**പ്രിയ കുട്ടികളേ.....**
**പഠനത്തോടൊപ്പം തന്നെ നമ്മുടെ സർഗാത്മകമായ കഴിവുകളും പ്രകടിപ്പിക്കാൻ ഇന്ന് നമുക്ക് അവസരങ്ങളുണ്ട്. ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ നമ്മുടെ വിദ്യാഭ്യാസം കൂടുതൽ പ്രകാശമാനമാകുന്നു. ഈ അവസരം നിങ്ങൾ പ്രയോജനപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൊച്ചുമനസ്സിൽ തെളിഞ്ഞവരകളും വർണ്ണങ്ങളും അക്ഷരങ്ങളും എന്നെ സന്തോഷിപ്പിക്കുന്നു. നിങ്ങളുടെ ഇത്തരം കഴിവുകൾ തുടർന്നുകൊണ്ടേയിരിക്കുക. ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ "സ്പെക്ട്രത്തിന് എന്റെ എല്ലാ ആശംസകളും നേരുന്നു................**

**നിങ്ങൾക്കു നന്മ വരട്ടെ.........**



# ഉള്ളടക്കം


| | | |
|---|---|---|
| 1. | അമ്മ | 7 |
| 2. | ഗോവർദ്ധായനം. | 8-11 |
| 3. | പ്രകൃതി നീ എത്രമേൽ ധന്യം | 12 |
| 4. | മഴനീർത്തുള്ളികൾ | 13-15 |
| 5. | മൊബൈൽ ഫോൺ സൗകര്യവും ദൂഷ്യവും. | 16-17 |
| 6. | വസന്തം | 18-19 |
| 7. | കുട്ടികളും ടെലിവിഷനും. | 20-22 |
| 8. | പ്രളയം തന്ന പാഠം. | 23-24 |
| 9. | വേരിലാണ് കാര്യം | 25 |
| 10. | ഒരു അധ്യാപികയുടെ ഡയറി കുറിപ്പ്.. | 26-34 |
| 11. | അപ്പൂട്ടൻെറ തൃശ്ശൂർപ്പൂരം. | 36-40 |
| 12. | കേരളത്തിനെന്തുപറ്റി. | 41-42 |
| 13. | മഴയുടെ ദു:ഖം.. | 44 -45 |
| 14. | പെൻസിൽ ഡ്രോയിംങ്ങ്. | 46 |
| 15. | നിൻ മൗനം. | 47- 48 |
| 16. | കൂട്ടുക്കാർ. | 49 |
| 17. | ചാന്ദ്രപ്രഭയിൽ ചന്ദ്രയാൻ.. | 50 - 53 |
| 18. | മേഘത്തിൻ മക്കൾ. | 54 |
| 19. | കൂണുകൾ പോലെ മുളച്ചുപൊന്തുന്ന വൃദ്ധസദനങ്ങൾ. | 55- 57 |

| | | |
|---|---|---|
| 20. | പച്ചപടർപ്പിലെ സ്ത്രീമനസ്സ്.... | 58- 59 |
| 21. | ഡിജിറ്റൽ പൂക്കളം | 60 |
| 22. | Wandore’s mind | 61 - 62 |
| 23. | Heaven of dreams.... | 63 -64 |
| 24. | പെയിന്റിങ്ങ്... | 65 |
| 25. | धरती... | 66 |
| 26. | आ गया वसंत धरती पर | 67 - 68 |




# എഡിറ്റോറിയൽബോർഡ്

## MEMBERS

- അമൽനാഥ് കെ യു
- അരുൺ ഇ എസ്
- തുഷാർ കെ ആർ
- ദേവിക കെ പി
- അൽന പ്രശാന്ത്
- ഭവ്യ കെ
- നവ്യ കെ
- സായൂജ് കെ എസ്
- നിഖിൽകൃഷ്ണൻ കെ
- അതുൽകൃഷ്ണ കെ എൻ
- ആദിത്യൻ പി ബി



# അമ്മ

നാവിൻ തുമ്പിൽ ആദ്യം കിനിയും സ്നേഹം

കൈവിരലാൽ ആദ്യാക്ഷരം കുറിപ്പിക്കും സ്നേഹം

കൈപിടിച്ച് നടത്തുന്ന സ്നേഹത്തിൻകൈകൾ

നെഞ്ചിലെ സ്നേഹത്തിൻ ചൂടാൽ

തഴുകി ഉണർത്തും സ്നേഹം

എൻ നിഴലായ് കൂടെ വന്നിട്ടും സ്നേഹം

അവസാനമില്ലാത്ത കടലിനെപോലെ

ആഴങ്ങളിൽ ഒഴുകും സ്നേഹം


ദൈവത്തിൻ നിധിയാം എൻ അമ്മ





# ഗോവർദ്ധായനം

ചന്ദനത്തിരികൾ സായാഹ്നങ്ങളിൽ സുഗന്ധംപരത്തിയിരുന്ന ആഗ്രാമത്തിൽ നിന്നും ഏഴാം കടലും താണ്ടിപോയത് അവന്റെ സ്വപ്നങ്ങൾകൊണ്ട് മാത്രമല്ല , ആ നാടിന്റെ മുഴുവൻ സ്വപ്നങ്ങളുമായിട്ടായിരുന്നു .ഒരു നാടിന്റെ സ്വപ്നമാണ് , ഒരു തലമുറയുടെ വാഗ്ദാനമാണ്,ഒരു അമ്മ മനസ്സിന്റെ പുണ്യമാണ്, അവൻ ഗോവർദ്ധൻ. നാട്ടിലെ വലിയ പ്രമാണിയായിരുന്നു അപ്പുകുട്ടൻ മുതലാളി.എല്ലാവരും അദ്ദേഹത്തെ അപ്പൂട്ടൻ മുതലാളി എന്നാണ് വിളിച്ചിരുന്നത് .നാടാകെ അദ്ദേഹത്തിന്റെ തീരുമാനങ്ങളെ മാനിച്ചിരുന്നു .പരിഹാരപാരായണങ്ങൾക്ക് എല്ലാവരും അദ്ദേഹത്തെയാണ് സമീപിച്ചിരുന്നത് ചുരുക്കിപറഞ്ഞാൽ അദ്ദേഹമായിരുന്നു ആ ഗ്രാമത്തിന്റെ തലവൻ. എല്ലാവിധ സുഖസൗകര്യങ്ങളുമുള്ള അദ്ദേഹത്തിന്റെ ഒരേയൊരുവിഷമം സന്താനങ്ങളില്ലാത്തതായിരുന്നു അദ്ദേഹത്തിന് ആറ്റുനോറ്റുണ്ടായവനായിരുന്നു അവൻ. അപ്പൂട്ടൻ മുതലാളിയുടെ ഒരേയൊരു മകൻ. ഗോവർദ്ദപുരം എന്ന തന്റെ ഗ്രാമത്തിന് ഒത്തവനായിരിക്കണം അവൻ എന്ന ആഗ്രഹത്താൽ അദ്ദേഹം



അവന് ഗോവർദ്ധാനൻ എന്ന് പേര് നൽകി. ഗോവർദ്ധാനനെ നൽകികൊണ്ട് അദ്ദേഹത്തിന്റെ പ്രിയസഖി യാത്രപറഞ്ഞു. കാലം മുന്നോട്ടൊഴുകി ഗോവർദ്ധാനന്റെ പതിനഞ്ചാം വയസ്സിൽ അവന്റെ അച്ഛനും മരണമടഞ്ഞു. കാലം അവനെ അനാഥനാക്കി. പക്ഷേ അവൻ അനാഥനല്ല ആ നാടാണ് അവന്റെ അമ്മയും അച്ഛനും. പതിയെ പതിയെ തന്റെ അച്ഛന്റെ സ്ഥാനം അവനിലേക്ക് മാറി.ഗോവർദ്ധാനായിരുന്നു പിന്നീട് ആ നാടിന്റെ തലവൻ .ഒരു പതിനഞ്ചുവയസ്സുകാരനിൽ പ്രകടമാകാത്ത പക്വതയും ബുദ്ധിയും അവനിൽ തെളിഞ്ഞു. കാലം നീങ്ങിയിട്ടും നീങ്ങാതിരുന്ന ആ നാടിനെ വികസനത്തിന്റെ പാതയിലേക്ക് ചിന്തിപ്പിച്ചത്അവനായിരുന്നു , ഗോവർദ്ധാനൻ. പഠിക്കാൻ മിടുക്കനായിരുന്നു അവൻ. ഇരുപത്തിരണ്ടാം വയസ്സിൽ അവൻ കാനഡയിലേക്ക് പറന്നു .വസാഗ ബീച്ചിലെ കുളിരേറിയ ഒരു സായാഹ്നത്തിൽ ഒരു നെടുവീർപ്പോടുകൂടി അവൻ എല്ലാം ചിന്തിക്കുകയായിരുന്നു പഠിപ്പ് കഴിഞ്ഞ് കാനഡയിൽ തന്നെ ജോലി കിട്ടി, ആ ജോലിയുമായി മത്സരിച്ച് കഴിഞ്ഞ ഏഴ വർഷങ്ങൾ ഏഴ വർഷം നാട്ടിലേക്ക് അവന്റെ കത്തുകൾ മാത്രം സഞ്ചരിച്ചു കൊണ്ടിരുന്നു അതുവരെ നാട്ടിലേക്ക്

പോകാൻ അവന് കഴിഞ്ഞില്ല. താൻ വന്ന വഴി മറന്നു എന്ന് നാട്ടുകാർ കരുതിയിട്ടുകുമോ എന്ന് ഓർത്ത് അവൻ വ്യകുലപ്പെട്ടു. ഇപ്പോഴാണ് അവന് നാട്ടിലേക്ക് പോകാൻ അവസരം കിട്ടിയത്. പിറ്റേന്ന് തന്നെ അവൻ സ്വന്തം നാട്ടിലേക്ക് യാത്ര തിരിച്ചു. നാട്ടിൽ വന്നിറങ്ങിയ അവൻ അവിടെ കണ്ട കാഴ്ചയാൽ നടുങ്ങിനിന്നുപോയി.കാലം മറനീക്കിയ ഏഴ് വർഷങ്ങൾ അവനിലും ചിലമാറ്റങ്ങൾ വരുത്തിയതിനാലാവാം അവനെ ആർക്കും മനസ്സിലായില്ല. പക്ഷേ അവൻ അവിടെ കണ്ട കാഴ്ച്ചകൾ,പുഴകൾ വറ്റിവരണ്ടിരിക്കുന്നു,വയലുകൾ നികത്തി അമ്പരചുമ്പികളായ കെട്ടിടങ്ങൾ നിർമിച്ചിരിക്കുന്നു, തോട്ടങ്ങൾ ഇല്ലാതായി, മരങ്ങൾ നിലംപൊത്തിയിരിക്കുന്നു. രാമേട്ടന്റെ ചായകടയിലേക്ക് അവൻകയറി. തന്റെഗ്രാമം ശിഖിരങ്ങളൊടിഞ്ഞ വൃക്ഷത്തലപ്പുപോലെയായതോർത്ത് അവൻ വിഷമിച്ചു. പുകനിറം മങ്ങിച്ച ആ ചായകടയുടെ ചുവരിലേക്ക് അവൻ നോക്കി. സ്വപ്നങ്ങൾ തകർന്നതിലുള്ള സങ്കടം നിറഞ്ഞ നിഷ്കളങ്കമായ ഒരു നോട്ടം.



**ജയരാജ് എം കെ**

**X C**



# പ്രകൃതി നീ എത്രമേൽ ധന്യം



പച്ചപ്പട്ടുടുത്ത പ്രകൃതി നീ-
യെത്ര മനോഹരിയാകുന്നു
പച്ചപ്പട്ടുടുത്ത പ്രകൃതി നീ-
എത്ര സൗന്ദര്യവതിയാകുന്നു.
നിന്റെയീ യൗവ്വനം വാർദ്ധക്യമാകുമ്പോൾ
ദുഃഖിതയാകുന്നു ഞാൻ സഖി.



നിന്റെയീ യൗവ്വന സൗന്ദര്യം
എത്രമേൽ സുന്ദരം.
അറിയുന്നു ഞാൻ സഖി...
പ്രകൃതി നീ എത്രമേൽ ധന്യം



നന്ദന എ കെ
X C

# മഴനീർത്തുള്ളികൾ



പിന്നെയുംപതിവു മുടക്കാതെ എത്തി നീയെൻ മുന്നിൽ,

എൻ പ്രിയ മഴ! എത്രയായ് നിന്നെ ഞാൻ കാത്തിരിപ്പൂ

പെട്ടെന്നിരുണ്ടു കറുത്ത മാനത്തു നിന്നൊലിച്ചിറങ്ങി,

പെട്ടെന്നു തന്നെ പെയ്തൊഴിയുന്നു നീയെൻ പ്രിയ മഴ!

മാനമേ ഉരിയാടാതെ ഒരുനാൾ നീ പെയ്തുതോർന്നു,

പിന്നെ,എന്നിനി കാണുമെന്നോർത്തു ഞാൻ വീർപ്പടക്കി.

എന്നാലും മറക്കാതെ എത്തി നീയിന്നുമെൻ മുന്നിൽ,

എൻ പ്രിയ മഴ! എത്രയായ് നിന്നെ ഞാൻ കാത്തിരിപ്പൂ.

കൂട്ടം തെററി ആകാശത്തിലങ്ങുമിങ്ങും പായുന്ന

മഴനീർക്കുടങ്ങളും പെട്ടെന്നാരുടെയോ

അസ്ത്രമേററുടഞ്ഞു ചിതറുന്നതും;

ഞാനെത്രയോ സന്ധ്യകൾ ഈ വഴിത്താരയിൽ

നീ അറിഞ്ഞുവോ എൻ പ്രിയ മഴ!

കൊച്ചു കടലാസുവഞ്ചികൾ നിറഞ്ഞുവെൻ ചുററിനും,

നിനക്കായ് ഞാൻ കാത്തു വച്ചിട്ടുമുപഹാരങ്ങൾ.

ജീവിതമെന്ന മരുഭൂവിലൊരുമാത്ര-

പെയ്തൊഴിയാത്ത മഴമേഘക്കീറുകൾ

ചൂടൊരുക്കവേ......പരിഭവങ്ങളും പിണക്കങ്ങളും

പിന്നെയൊരുപിടി സാന്ത്വനവും കുപ്പിവളപോലെ

പൊട്ടിച്ചിതറുന്ന നിന്നെയും കാത്ത്

എത്രയോ നാളുകളയ് ഞാനിരിപ്പൂ

എൻ പ്രിയ മഴ!പാതിതുറന്ന ജനാലയിലൂടെ

കണ്ടു ഞാൻ തെരുവു-വിളക്കിന്റെ മങ്ങിയ

വെട്ടത്തിൽ മുറ്റത്തെ മാവിൽ നീ-മലർന്നു

വീഴുന്ന രണ്ടു മഴനീർത്തുള്ളികളിൽ, പിന്നെ,

പകർന്നു ഞാൻ മെല്ലെ പുതുമണ്ണിൽനേർത്ത

സുഗന്ധവും ഇനി നീയെൻ മൗനവേളകൾക്ക്

കൂട്ടായെന്നോർത്തു ഞാൻ എൻപ്രിയമഴ!

എത്രയായ് നിന്നെ ഞാൻ കാത്തിരിപ്പൂ..



സരിതാ നാഥ്. കെ
HST(SS)



# മൊബൈൽ ഫോൺ

## സൗകര്യവും ദൂഷ്യവും



സന്ദേശ വിനിമയരംഗത്തെഇളക്കിമറിച്ചഒന്നാണ് ,മൊബൈൽഫോണിന്റ്കണ്ടുപിടിത്തം.കൊണ്ടുനടക്കാവുന്നതരംഫോണുകൾ .തൊണ്ണൂറുകളോചടെഇന്ത്യയിൽമൊബൈൽശൃംഖലവ്യപകമായി.ഇന്ന്ഇന്ത്യയിൽഏറ്റവുംധികംമൊബൈൽഉപഭോക്തക്കള്ളുളഒരുസംസ്ഥാനമാണ്കേരളം.ദീർഘദൂരംഫോൺ സന്ദേശം എത്തിക്കാൻ കഴിയുന്ന വിപ്ലവമാണ് മൊബൈൽ ഫോണുകൾ കൊണ്ടുവന്നത്.ഇന്ന് ഗാനങ്ങൾ കേൾക്കാനും വീഡിയോ കാണാനും ചിത്രങ്ങൾ എടുക്കാനുള്ള സൗകര്യമുള്ള മൊബൈൽഫോണുകൾ രംഗത്തുവന്നിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും അത് സ്വകാര്യത നശിപ്പിക്കുന്നു എന്നതാണ് യാഥാർഥ്യം. അതോടൊപ്പം നിരവധി ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നു. രണ്ടര വർഷം മുൻപ് ദസൺഡോ ടൈംസ് എന്ന പത്രമാണ്

മൊബൈൽഫോണുകൾ ആരോഗ്യത്തിനു നേരെ

ഉയർത്തുന്ന  ഭീഷണിയെ ക്കുറിച്ച് ഗവേഷണത്തിലൂടെ

ആദ്യമായി വെളിപ്പെടുത്തിയത്.തലച്ചോറിലെ കോശങ്ങൾ

നശിക്കത്തക്കവിധത്തിലുള്ളമാറ്റങ്ങൾക്ക്സെൽഫോൺ

റേഡിയേഷനുകാരണമാകുന്നു.ഓർമശക്തിനഷ്ടപ്പെടുന്നതും

പ്രതിരോധശേഷി കുറയുന്നമാണ് ഗുരുതരമായ മറ്റു

പ്രത്യാഘാതങ്ങൾ. അൽഷിമേഴ്സ്, കാൻസർഎന്നിരോഗങ്ങൾ

മൊബൈൽഫോണിന്റെദീർഘകാലമായുള്ളഉപയോഗംമൂലമു


ണ്ടാവും.തലച്ചോറിനെമാത്രമല്ല,മറ്റുശരീരഭാഗങ്ങളെയുംറേഡി

യേഷൻബാധിച്ചപ്രശ്ങ്ങൾസൃഷ്ടിക്കുന്നതായതെളിഞ്ഞിട്ടുണ്ട്.



കീർത്തന പി ആർ  X.C

# വസന്തം



വസന്തത്തിൻ ഓർമകളിൽ ഞാൻ
നുകർന്നീടുന്നെൻ പൂമധുരം
പൂവിതളാൽ തഴുകീടുന്നുവണ്ടുകൾ
പൂമധുരം നുകർന്നീടുന്നു തേൻകുരുവികൾ
വസന്തമേ നീ എത്തിയോ വേഗത്തിൽ
പൂവിൻ മധുരം നുകരാൻ തുടങ്ങിയിട്ടെത്ര
കാലങ്ങളായ് നിൻ മധുരം നുകർന്നിടട്ടെ ഞാൻ
ഇലകളാകുന്ന കൈകളാൽ പൂക്കളെ
നീ എന്നെ വിളിച്ചു നിൻ സൗന്ദര്യം
ഞാൻ അറിഞ്ഞിടുമ്പോൾ
നിൻ മധുരം ഞാൻ അറിഞ്ഞു നിൻ
സൗഹൃദം ഒരു സന്തോഷത്താൽ അറിഞ്ഞു
കുട്ടിക്കാലം ഒരു വിനോദത്താൽ ആഹ്ലാദിച്ചു
പക്ഷെ നിൻ ജീവിതകാലം നീ അറിഞ്ഞില്ല പൂവേ

കുട്ടിക്കാലങ്ങളിൽ നിൻ കൂട്ടുകാരുമൊത്ത്
കളിച്ചു രസിച്ചു വളർന്നില്ലേ പൂവേ നീ
വരും കാലം നീ എന്താണെന്നറിഞ്ഞില്ല
നിൻ സൗന്ദര്യവും മധുരവും നഷ്ട്പ്പെടില്ലേ
നിന്നിൽ നിന്ന് അകന്നു പോയീടുകയല്ലേ
മറ്റുള്ളവർ തേൻ നുകരാൻ വന്നീടുന്ന
വണ്ടുകളാൽ, കിളികളാൽ നിന്നിൽ നിന്ന്
അകന്നു പോയില്ലേ ഇനി വരും
വസന്തകാലത്തിൽ നീ വീണ്ടും
വളർന്നീടട്ടെ പൂക്കളെ. . .




സ്നേഹ ടി എച്ച്
IX C



# കുട്ടികളും ടെലിവിഷനും

കുട്ടികളെ അടക്കിയിരുത്തുക പ്രയാസമാണ്എന്നാൽഅതിനുള്ളഎളുപ്പമാർഗ്ഗമാണ് അവരെ ടിവിയുടെമുമ്പിൽഇരുത്തുകയെന്നത്.മിക്ക അമ്മമാരും ചെയ്യുന്ന എളുപ്പവിദ്യയാണിത്. ഭക്ഷണം എളുപ്പം കഴിക്കാനുമുള്ള മാർഗ്ഗവും ഇതുതന്നെ. ടിവി കാണുമ്പോൾ കുട്ടികളിൽ ഉണ്ടാകുന്ന മാറ്റമെന്താണ്.



രണ്ടുവയസ്സിന് താഴെയുള്ള കുട്ടികൾ ടിവി കാണുന്നത് പൂർണ്ണമായി തടയണമെന്ന് അമേരിക്കൻ അക്കാദമി ഓഫ് പീഡിയാട്രിക് നിർദ്ദേശിക്കുന്നു. രണ്ട് വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് അനുവദനീയമായ സമയം രണ്ട് മണിക്കൂറാണ്. രണ്ട് വയസ്സ് വരെ കുട്ടികളെ ടിവി കാണുന്നത് തടയണമന്ന് പറയുന്നതിന് വ്യക്തമായ കാരണമുണ്ട്. മസ്തിഷ്കത്തിന്റെ വികാസവുമായി ബന്ധപ്പെട്ട നിർണ്ണായക കാലഘട്ടമാണ് ഈ പ്രായം. പലതരം കളികൾ കണ്ടെത്തൽ, മാതാപിതാക്കളോടും, കുടുംബക്കാരോടും അടുപ്പം സ്ഥാപിക്കൽ എന്നിവ കുട്ടികൾ ശീലിക്കേണ്ട്പ്രായമാണിത്. ഇവയൊക്കെ കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനത്തിന് കളമൊരുക്കും. കുട്ടികൾ വലുതാകുന്നതോടെ ടിവി അവന്റെ ദൈനം ദിനപ്രവൃത്തികളുടെ നല്ലൊരു പങ്ക് അപഹരിക്കുന്നു. വായന, പഠനം, കളിക്കൂട്ടുകാരുമായുള്ള ചങ്ങാത്തം, എന്നിവയ്ക്ക് സമയം

തികയാതെ വരും. കൂടുതൽ സമയം ടിവി കാണുന്നത് ആരോഗ്യത്തിന് ദോഷകരമായി ബാധിക്കും



സ്കൂൾ പ്രായത്തിലുള്ള കുട്ടികൾ വാർത്തകളും വിജ്ഞാനപരിപാടികളും ടിവിയിൽ കാണുന്നത് ഗുണകരമാണ്. നാലുമണിക്കൂറിലേറെ ടിവിയുടെ മുന്നിലിരിക്കുന്ന കുട്ടികൾക്ക് അമിതവണ്ണം ഉണ്ടാകുമെന്നും വൈദ്യശാസ്ത്രം പറയുന്നു. കുട്ടികൾ അക്രമസ്വഭാവം കാണിക്കുന്നതും ടിവി പരിപാടികളുടെ സ്വാധീനത്തിലാണെന്നുംതെളിഞ്ഞിട്ടുണ്ട്. പുകവലി, മദ്യപാനം എന്നിവ അനുകരിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. ടെലിവിഷൻ പരമ്പരകളിലെ കുറ്റകൃത്യങ്ങളും സ്ത്രീവിരുദ്ധ ഉള്ളടക്കവും ആൺകുട്ടികളെ വളരുന്ന ഘട്ടത്തിൽ സ്വാധീനിക്കുമെന്നും, കാർട്ടൂൺ ചാനലുകളിലെ ദ്രുതചലനങ്ങൾ കണ്ണുകളെ ദോഷകരമായി ബാധിക്കുമെന്നും തെളിഞ്ഞിട്ടുണ്ട്.

ടിവി അടിമത്തമുള്ള മാതാപിതാക്കൾക്ക് കുട്ടികളെ നിയന്ത്രിക്കാൻകഴിയില്ലെന്നതാണ് വാസ്തവം. കുട്ടിയെ മറ്റൊരു മുറിയിൽ പഠിക്കാനയച്ച് അമ്മമാർ പരമ്പരകാണുന്നു.

മുതിർന്നവർ സ്വയം നിയന്ത്രണം പാലിക്കുകയാണ് ആദ്യം ചെയ്യേണ്ടത്.കുട്ടികൾക്ക്കൃത്യമായസമയംഅനുവദിക്കുകയാണ്, മറ്റൊരുമാർഗ്ഗം. പഠിക്കാനും കളിക്കാനും സമയം നിശ്ചയിക്കുന്നതു പോലെ ടിവി കാണുന്നതിനും സമയം നിശ്ചയിക്കണം.അധികസമയം ടിവികാണുന്നതിന്റെ ദോഷം അവരെ ബോധ്യപ്പെടുത്തണം.



ആഷ്വിൻ സി വി

X B



# പ്രളയം തന്ന പാഠം



മനുഷ്യൻ ചെയ്യുന്ന പ്രവൃത്തി

മനുഷ്യർക്കു തന്നെ

തിരിച്ചടിയാകും എന്ന സത്യം

പുറത്തു വന്നതിന്

ഉദാഹരണമാണ് പ്രളയം.

പ്രകൃതിയെ വേദനിപ്പിച്ചു കൊണ്ട്

പണിതുയർത്തിയ കെട്ടിടങ്ങൾ

ഒരൊറ്റ നിമിഷം കൊണ്ട്

താറുമാറാകുമെന്ന് നമ്മെ



പഠിപ്പിച്ചു .എങ്കിലും മനുഷ്യസമൂഹം വീണ്ടും പ്രകൃതിയെ

വേദനിപ്പിക്കുന്നു .വലിയ മണിമാളികകൾ പണിതുയർത്തി

ജീവിതം പ്രളയത്തിന്ഇരയാക്കി. പ്രളയത്തിൽ നഷ്ട്പ്പെട്ടുപോയ

പലരുടെയും ജീവിതം വീണ്ടും തിരിച്ചു പിടിക്കാൻ സാധിക്കില്ല

വീടുകളാകെ നശിച്ചു, ഓണമില്ല, സദ്യയില്ല,വള്ളം ഇതെല്ലാം കണ്ട്മാവേലിതമ്പുരാൻ നടുങ്ങിനിൽക്കുന്നുണ്ടാവും.



ദൈവംപോലും കൈവെടിഞ്ഞസമയത്ത്,മൽസ്യത്തൊഴിലാളിസംഘത്തിലും, സൈന്യക്കാരിലും, സാധാരണ മനുഷ്യരില്ല നാം ദൈവത്തെകണ്ടു.അന്നാവണംനമ്മൾ അറിഞ്ഞത് മനുഷ്യരുടെ മനസ്സിൽ സ്നേഹം




ഒളിഞ്ഞിരുപ്പുണ്ടെന്ന് .പ്രകൃതിയിലെ ഒരു അംശം മാത്രമാണ് മനുഷ്യൻ .നമുക്ക് ജീവിക്കാനായി തന്ന പ്രകൃതിയിലെ വരദാനങ്ങൾ നഷ്ടപ്പെടുത്തുമ്പോൾഒന്ന്ആലോചിക്കുകപ്രളയം തന്ന പാഠം



അൽന പ്രശാന്ത
**IX A**

# വേരിലാണ് കാര്യം

വലിയ സ്വപ്നങ്ങൾ കാണുന്നവരാണ് നമ്മൾ എല്ലാവരും സ്വപ്നം കാണുക മാത്രമല്ല ആ സ്വപ്നത്തിൽ എത്താൻ പ്രയത് നിക്കണം.സ്വപ്നങ്ങൾക്കുപിന്നിൽ പറക്കുമ്പോൾ ചുറ്റുമുള്ളവരെ നമ്മൾ മറന്നു പോകുന്നു. മറക്കാനുള്ളവരല്ല അവർ .ഉറങ്ങുമ്പോൾ മാത്രം കാണുന്നതല്ല സ്വപ്നം

ഉണർന്നിരിക്കുമ്പോഴും സ്വപ്നം കാണണം. സ്വപ്നമെന്നുള്ളത് സാക്ഷാൽകരികേണ്ടതാണ് എന്ന

ദൃഢനിശ്ചയം എല്ലാവരിലും ഉണ്ടാകണം .ആ സ്വപ്നത്തിൽ

നമ്മൾ എത്തിച്ചേർന്ന് ആകാശത്തോളം ഉയരത്തിൽ

നിൽക്കുമ്പോൾ നമ്മൾ ഭൂമിയിലാണ് നിൽക്കുന്നത് എന്ന്

മറക്കുന്നു.എത്ര ആകാശത്തേക്ക് ചില്ലകൾ പടർത്തുമ്പോളും

മരത്തിന്റെ വേരുകൾ ഭൂമിയിലാണ് എന്ന് ഓർക്കുക.

മരമായാലും മനുഷ്യനായാലും ഭൂമിയിൽ വേരുണ്ടെങ്കിൽ

മാത്രമേ നിലനിൽപ്പുള്ളൂ.




വിദ്യ കെ വി
XC

# ഒരു അധ്യാപികയുടെ ഡയറിക്കുറിപ്പ്

സമയം ഏറെ വൈകിയിരിക്കുന്നു '.തിരക്കൊഴിഞ്ഞ് ഇപ്പോഴേ ഇരിക്കാനായുള്ളൂ. ഞാനെന്റെ ഡയറി തുറന്നെഴുതി തുടങ്ങി.

തിയ്യതി ..... 3/6/2009 സമയം :11 മണി ......



എനിക്ക് ഈ ദിനത്തെ കുറിച്ച് എഴുതിയേ പറ്റൂ..... കുറച്ചൊരു ആശ്വാസം. അല്ലെങ്കിൽ ഉറങ്ങാനാകില്ല....സമയം 11 മണി.... പുറത്ത് നനുത്ത ചാറ്റൽ മഴ കുളിർമ്മയോടെ പെയ്യുന്നു. പക്ഷേ എനിക്ക് വളരെ അസ്വസ്ഥമായ ഒരു ദിനം.... സ്ക്കുളിലേക്ക് പോകുവാനേ തോന്നുന്നില്ല: എന്തേ ഇന്നിങ്ങനെ തോന്നുവാൻ. മനസ്സിന് വല്ലാത്തൊരു ഭാരം: വിഷാദഭരിതമായ ഒരു മാനസികാവസ്ഥ ...' എന്തേ... അവനെന്നോട് ഇങ്ങനെ പെരുമാറാൻ ?ഒരെത്തും പിടിയും കിട്ടുന്നില്ലല്ലോ? ?? ഇന്നത്തെ ദിനത്തിന്റെ തുടക്കം നന്നായിരുന്നല്ലോ :ഒട്ടക്കം പിടി കിട്ടാത്ത സമസ്യയും..... പുലരിയെ വരവേറ്റ് വളരെ ഉത്സാഹത്തോടെ വിദ്യാലയത്തിലേക്ക് യാത്രയായതാണ്. പുതിയ

ആശയങ്ങളുമായി ഊർജ്ജസ്വലതയോടെ ക്ലാസ്

ആരംഭിച്ചതുമാണ്. എല്ലാ വിദ്യാർത്ഥികളെയും പോലെ അവനും

ഭയഭക്തിബഹുമാനത്തോടെയും,സ്നേഹവാത്സല്യത്തോടെയുമാ

ണ് എന്നെ എതിരേറ്റതും ...... അവൻ " ശ്യാം മോഹൻ

"എനിക്ക് പ്രിയപ്പെട്ട ഒരു കുസൃതിക്കുരുന്ന്. എല്ലാവരാലും

തള്ളിക്കളയപ്പെട്ട, ഒട്ടേറെ കുസൃതിത്തരങ്ങളുള്ള ചട്ടമ്പി പിള്ളേർ

എന്നും എനിക്കൊരു പ്രത്യേക ശ്രദ്ധാകേന്ദ്രമായിരുന്നു.

അവരെ നന്നാക്കാൻ ഞാൻ ചിലപ്പോഴൊക്കെ

ശ്രമിക്കാറുണ്ടായിരുന്നു case Study നടത്താറുണ്ടായിരുന്നു'

പിന്നീട് അധ്യാപികഎന്നതിലുപരിഅവർഎനിക്ക്സുഹൃത്തും,

സംരക്ഷകരും,സഹായമനസ്കരുമായിരുന്നു. പഠിപ്പൊഴിച്ച്

വേറെന്തു പണിയ്ക്കും "ശ്യാംമോഹൻ " മിടുക്കനായിരുന്നു.മരം

വെട്ടുവാനും,ക്ലാസ്സ്വൃത്തിയാക്കുവാനും, കുട്ടികളെ

അടങ്ങിയിരുത്താനും,പരിസരശുചീകരണം,സ്ക്കുൾപരിപാടി

സജ്ജീകരണങ്ങൾ നടത്താനും അവനെ കഴിഞ്ഞേ

ആരുമുള്ള...... പക്ഷേ പഠിക്കില്ല... ഒന്നും എഴുതാനുമറിയില്ല .......

പിന്നെ ദേഷ്യവും, എടുത്തു ചാട്ടവും ,തർക്കുത്തരവും....

അധ്യാപകർക്കാർക്കും അവനെ തീരെ താല്പര്യമില്ല.എന്നും

അവനെ കുറിച്ചുള്ള പരാതികളും, കുറ്റങ്ങളുമാണ് സ്റ്റാഫ്

റൂമിൽ...ക്ലാസ്സിലാണെങ്കിലോ ആരും അവന് കൂട്ടുകാരില്ല;

ലഹരിമരുന്നിന് അടിമയാണവൻ. അവനോട്

ദേഷ്യപ്പെട്ടവരെ അവന് വെറുപ്പാണ്. സ്വന്തം അച്ഛനോടും

അമ്മയോടു പോലും. അവർക്കു പോലും ഭയമാണവനെ

.ക്ലാസ്സിൽ മയങ്ങി കിറുങ്ങിയിരിക്കും. പോലീസ് സ്റ്റേഷനിലും

കിടന്ന ചരിത്രമുണ്ടവന് .അവൻ ഹൈസ്ക്കൂളിലെത്തി. ഈ

ഗവൺമെന്റ് സ്ക്കൂളിൽ എട്ടാം ക്ലാസ്സിലേക്ക് വന്നെത്തി.ക്ലാസ്സ്

ടീച്ചറായി ഞാനും..... ആദ്യം ഞാനൊന്നു ഭയന്നു. എങ്കിലും

അവനെ ശരിയാക്കിയെടുക്കാമെന്ന ആത്മവിശ്വാസമായി

രുന്നു. അതാണിന്ന് തകർന്നു പോയത്....... ക്ലാസ്സിൽ പാഠ

പുസ്തകമെടുത്ത് എല്ലാവരോടും വായിക്കാൻ പറഞ്ഞു: അവൻ

പുസ്തകം കൊണ്ടു വന്നിട്ടില്ല എന്നറിഞ്ഞപ്പോൾ വഴക്കു പറഞ്ഞ് ദേഷ്യപ്പെട്ട് ഞാൻ വടിയെടുത്ത് അടിക്കാനോങ്ങി ...... എന്നെ ഞെട്ടിച്ചു കൊണ്ട് അവ എന്നെ തട്ടത്ത്ധിക്കാരപൂർവ്വം പെരുമാറി ക്ലാസ്സിൽ നിന്നും ഇറങ്ങിപ്പോയി......... ഇങ്ങിനെയൊരനുഭവം ആദ്യമായാ: ഞാനെന്ന അധ്യാപിക സ്വയംഇല്ല്യാണ്ടായപ്പോലെ....... കുട്ടികളുടെ മുന്നിൽ ഞാനാകെ നാണം കെട്ടപ്പോലെ – ..... ഇനി എങ്ങിനെയാ ഞാനവരുടെ മുഖത്ത് നോക്കാ???...... എന്താ ചെയ്യേണ്ടതെന്നറിയാത്ത നിമിഷങ്ങൾ... കുട്ടികളും ആകെ സ്തംബ്ധരായി ..... ഭാഗ്യത്തിന് ബെല്ലടിച്ചു: സ്ക്കുളിൽ നിന്നു പോരുമ്പോഴും ഇതേ ചിന്ത ..... പിന്നെ അവനെ എങ്ങിനെ നന്നാക്കാം എന്നു മാത്രമായി ചിന്ത...... ഇന്ന് ഉറങ്ങുവോളം ഞാനതേ കുറിച്ച് ചിന്തിച്ചു ....അങ്ങിനെ സംഭവ ബഹുലമായി ദിനം അവസാനിച്ചു.ശ്യാം മോഹനെ കുറിച്ച് അന്നു ഞാനെഴുതിയ ഡയറികുറിപ്പ് വിഷാദമഗ്നയായയഒരുഅധ്യാപികയുടെതായിരുന്നു.പക്ഷേഇന്ന്

ഞാനെഴുതുന്നശ്യാംമോഹനെകുറിച്ചുള്ള......ഡയറിക്കുറിപ്പ്സന്തോഷവതിയായ, ചാരിതാർത്ഥ്യമുള്ള ഒരധ്യാപികയുടെ ഡയറിക്കുറിപ്പാണ്....കഥ തുടരുന്നു....

തിയ്യതി...3/6/2019

സമയം......മണി

ജനൽ പാളിയിലൂടെ അകത്തേയ്ക്കു വരുന്ന നനുത്ത മഴയുടെ ഒരു കുളിർകാറ്റേറ്റുകൊണ്ട് ഞാനെന്റെ ഡയറി താളുകൾ തുറന്നു ....ഇന്ന് വളരെ സന്തോഷകരമായ ദിനം..... 10 വർഷങ്ങൾക്കു ശേഷം ഒരിക്കൽ ക്ലാസ്സിൽ വികൃതി പയ്യനായ ശ്യാം മോഹനെ കണ്ടുമുട്ടുമ്പോൾ ഉണ്ടായ സന്തോഷം വിവരാണാതീതമായിരുന്നു. എന്നെ സിന്ധു ടീച്ചറേ എന്നു വിളിച്ച് അരികിലേക്ക് ഓടി വന്ന മിടുക്കൻ പയ്യനെ കണ്ടപ്പോൾ ഒരു അധ്യാപികയുടെ ജീവിതത്തിലെ അസുലഭ നിമിഷങ്ങളിൽ ഒന്നു തന്നെയായിരുന്നു. ഏവരാലും തിരസ്കരിക്കപ്പെട്ട് മൃതപ്രായനായിത്തീർന്ന ഒരു വിദ്യാർത്ഥിയുടെ പുനർജന്മം.

അതിന് ഞാനും ഒരു നിമിത്തമായല്ലോ എന്ന സന്തോഷം....10 വർഷങ്ങൾക്ക് മുമ്പ് എന്നെ ധിക്കരിച്ച് ക്ലാസ്സിൽ നിന്നിറങ്ങി പോയ കുട്ടിയല്ലേ ഇന്ന് നല്ലൊരു രീതിയിൽ അവന്റെ കഠിനാധ്വാനത്താൽ മെച്ചപ്പെട്ട സാമ്പത്തിക ഭദ്രതയാൽ കുടുംബ കാര്യങ്ങൾ നോക്കുന്നത്.... സന്തോഷം. ഞാനന്നത്തെ കാലത്തേയ്ക്കൊന്നു തിരിഞ്ഞു നോക്കി.....2009 ലെ ക്ലാസ്സ്മുറിമനസ്സിലേക്ക്ഓടിയെത്തി....സംഭവ ബഹുലമായ ആ ദിനത്തിനു ശേഷം ,മുറിവേറ്റ അധ്യാപക മനസ്സുമായി പിറ്റേന്ന് നേരത്തെ ഞാൻ സ്ക്കൂളിലെത്തി. പ്രധാന ഉദ്ദേശ്യം ശ്യാം മോഹനെ കാണണം സ്നേഹപൂർണ്ണമായ ഭാഷയിൽ ഒന്നു ഉപദേശിച്ച നന്നാക്കണം എന്നായിരുന്നു. പക്ഷേ പിന്നീട് ഒരാഴ്ചയോളം ക്ലാസ്സിൽ അവൻ വന്നില്ല' വീട്ടിലേക്ക് വിളിച്ചിട്ടും വ്യക്തമായൊരു മറുപടി കിട്ടിയില്ല. അമ്മ പറഞ്ഞത് " അവനിനി പഠിക്കിണില്ല്യാന്ന്...... പണിയ്ക്ക് പോവാത്രേ": ഞാനവന് ഫോൺ കൊടുക്കാനായി പറഞ്ഞെങ്കിലും

സംസാരിക്കാൻ കൂട്ടാക്കിയില്ല. സ്ക്കൂൾ വിട്ട് 4 മണിയക്ക് ഞാനവന്റെ വീട്ടിലേക്ക് ഒരുസഹപ്രവർത്തകയേയും കൂട്ടിപ്പോയി. അവനവിടെയില്ല. പെയ്ന്റ് പണിക്ക് പോയെന്നു പറഞ്ഞു: ഞാൻ അവനെ വിടാതെ പിൻതുടർന്നു.സ്ക്കൂളിലേക്ക് വരാൻ നിർബന്ധിച്ചു. ഉപദേശത്തിന്ഒടുവിൽ അവൻ വീണ്ടും ക്ലാസ്സിലേക്ക് വന്നു തുടങ്ങി. അവന് ഞാൻ പ്രത്യേക ശ്രദ്ധയും കരുതലും നൽകിയിരുന്നു അവൻ നന്നായി ചിത്രം വരക്കുമായിരുന്നു. എന്റെ പ്രോത്സാഹനത്തിലൂടെ അവൻ ധാരാളം ചിത്രം വരച്ച് ക്ലാസ്സിൽ സ്റ്റാറായി. ലൈബ്രറി സജ്ജീകരണ പ്രവർത്തനങ്ങളിലും , കാർഷിക ക്ലബ്ബ് പ്രവർത്തനങ്ങളിലും അവനൊന്നാമതായി. കുട്ടികൾ അവന്റെ കൂട്ടുകാരായി. അവനെ കുറിച്ച് മാഗസിനിൽ കഥയെഴുതി അവൻ ചിത്രം വരച്ചു.ദിവസവും 10 പാക്കറ്റ് ഓളം ലഹരി പദാർത്ഥ മുപയോഗിക്കുന്ന ശ്യാം പിന്നീട് കുറച്ച് കുറച്ച് കൊണ്ടുവന്നു. ചീത്ത കൂട്ടുകെട്ടുകൾ ഒഴിവാക്കി തുടങ്ങി. പല

രഹസ്യങ്ങളും, ദുഃഖങ്ങളും ഒരമ്മയോടെന്നപോലെ എന്നോട് പറയാൻ തുടങ്ങി. എന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അവൻ കൈകൊണ്ടു. അധ്യാപികയെന്ന നിലയിൽ ഞാൻ അഭിമാനം കൊണ്ട നിമിഷങ്ങൾ. അവൻ പതിയെ പതിയെ

മാറ്റുകയായിരുന്നു .പഠന താല്പര്യം വർദ്ധിച്ചു.നല്ല ശീലങ്ങളിലേയ്ക്കുള്ള ചുവടുവെപ്പ് എന്നെ ആ ഹ്ലാദഭരിതയാക്കി..... ഇടയ്ക്ക് എപ്പോഴോ അവൻ തനിക്ക് 18 വയസ്സായെന്ന് പറഞ്ഞ് മിഠായി നൽകിയതും, പ്രേമലേഖനങ്ങൾ അടങ്ങിയ പുസ്തകം വായിക്കാനായി തന്ന് നിന്നതുമെല്ലാം വലിയ ബഹളങ്ങളും കോലാഹലങ്ങളുമുണ്ടാക്കാതെ വെറും ബാല്യ ചാപല്യങ്ങളാക്കി ഞാൻ തള്ളിക്കളഞ്ഞതും അവന്റെ ഉയർച്ചയിലേക്കുള്ള പടവുകൾ തന്നെയായിരുന്നു.ചെറിയ തെറ്റുകളെ വലുതാക്കാതെ ഉപദേശിച്ച് മാറ്റാൻ ഞാൻ ശ്രമിച്ചിരുന്നത് അവനെ സ്വാധീനിച്ചിട്ടുണ്ടാകണം. 3 വർഷങ്ങൾ കൊണ്ട് SSLC പാസ്സാക്കാനും അതേ വർഷം ചരിത്രത്തിലാദ്യമായി സ്ക്കൂളിന്.100 % കിട്ടുവാനും അവനും നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്.......വർഷത്തിനു ശേഷം

ഞാനിന്നവനെകണ്ടു എനിക്കാദ്യം അവനെ തിരിച്ചറിയാനായില്ലെങ്കിലും സിന്ധു ടീച്ചറേ..... എന്ന് വിളിച്ച് അവൻ ഓടി വന്നു: ശ്യാം ഒരു പാട് വലുതായിരിക്കുന്നു. ഒരിക്കൽ അപകർഷത ബോധമുണ്ടായിരുന്ന അവൻ ഇന്ന്സമൂഹത്തിൽസ്വന്തംവരുമാനമാർഗ്ഗത്തിൽആത്മവിശ്വാസത്തോടെ ഉയർന്നു നിൽക്കുന്നത് കണ്ടപ്പോൾ ഒരധ്യാപികയെന്ന നിലയിൽ ഞാൻ അഭിമാനം കൊള്ളുന്നു.



സിന്ധു

പ്രസീദ്മലയാളംഹൈസ്ക്കൂൾഅധ്യാപിക



# ഡിജിറ്റൽ പൂക്കളം






# അപ്പുട്ടന്റെ തൃശ്ശൂർ പൂരം



ഉറക്കം ഉണർന്ന് പ്രഭാതകാര്യങ്ങളെല്ലാം കഴിച്ച് കാപ്പിയും പത്രവും കയ്യിലെടുത്ത് വരാന്തയിലിരിക്കുക അപ്പുട്ടന്റെ പതിവാണ് .അതുകൊണ്ടുതന്നെ അന്നും അവൻ കാപ്പിയും പത്രവുമായി വരാന്തയിലെത്തി ഒത്തനടുവിലായി ഇരുപ്പുറപ്പിച്ചു കാപ്പി അരികെ .പത്രം നിവർത്തിയതും പത്രത്തിൽകണ്ട ചിത്രം അപ്പുട്ടനെ കോരിത്തരിപ്പിച്ചു കുറെ ആനകൾ അവയക്കു മുകളിൽ ആനപാപ്പാൻമാർ അവരുടെ കയ്യിൽ മനോഹരമായ തിളങ്ങുന്ന കുടകൾ ആനയുടെ നെറ്റിയിൽ നെറ്റിപ്പട്ടം ഉടൻ

തന്നെ പത്രവുമായി അടുക്കളയിൽ ജോലിയിൽ മുഴുകിനിൽക്കുന്ന അവന്റെ അമ്മയുടെ അടുത്തേക്ക് ഓടിയെത്തികൊണ്ട് പറഞ്ഞു.

"അമ്മേ ഇത് ഒന്നു വായിച്ചു തന്നേ " നേരമില്ലാനേരത്തും ആ അമ്മ പത്രം മേടിച്ചു വായിച്ചു.ഇന്ന് തൃശ്ശൂർ പൂരം .എന്നിട്ട് മകനെ നോക്കികൊണ്ട് പറഞ്ഞു "ഇന്ന് തൃശ്ശൂർപൂരാ മോനേ " അതിന്റെയാ ഈ ചിത്രം അപ്പൂട്ടന് സന്തോഷം അടക്കാൻ കഴിഞ്ഞില്ല അവൻ അവിടെ നിന്നു തുള്ളിച്ചാടി എന്നിട്ടു പറഞ്ഞു "അമ്മേനമുക്കും പോകാം തൃശ്ശൂർപൂരം കാണാൻ "എന്നാൽ അമ്മ എതിർത്തു വേണ്ട മോനേ നല്ല തിരക്കായിരിക്കും അതിനിടയിൽ നിന്നെ കാണാതായാൽ അയ്യോ ..

"അത് വേണ്ട നമുക്ക് പോകണ്ട അപ്പു ".എന്നാൽ അപ്പു വിടുന്ന ലക്ഷണമില്ല അവൻ നിന്ന നിൽപ്പിൽ കരയാൻ തുടങ്ങി ഒന്നിൽ പഠിക്കുന്ന കുട്ടിയുടെ വാശിൽ തോറ്റ അമ്മ സമ്മതിച്ചു .ഉടനെ അവൻ ഓടി .അച്ഛനരികിൽ എത്തി .കിതച്ചു

കൊണ്ടു പറഞ്ഞു "അച്ഛാ .... അതിലേ ഇന്നേ തൃശ്ശൂർ ....പൂരാ നമുക്കും പോണം കാണാൻ അമ്മ സമ്മതിച്ചു ". അച്ഛൻ ആദ്യം നെറ്റിചുളിച്ചു വെങ്കിലും വെമ്പാൻ ഏങ്ങലടിച്ചു നിൽക്കുന്ന തന്റെ മകന്റെ കണ്ണുകൾ കണ്ട് സഹതാപം നിറഞ്ഞ് അച്ഛനും സമ്മതഭാവത്തിൽ മൂളി . ഉടനെ അപ്പു ഓടി മുറ്റത്തേക്കിറങ്ങി അയൽവാസിയായ നന്ദിനി ചേച്ചിയുടെ വീടിനു മുറ്റത്തെത്തി ഉച്ചത്തിൽ വിളിച്ചു.

"അമ്മൂട്ടി .... പൂയ് .... അമ്മൂട്ടി ....വേഗം വാ .... "

അതാ വീടിനകത്തുനിന്നും ഒരു ശബ്ദം "ദാ വരുന്നു .... "

നിമിഷങ്ങൾക്കകം കട്ട്ള കടന്ന് തന്റെ പൂപ്പല്ല് കാട്ടി ചിരിച്ചു കൊണ്ട് ഇറങ്ങി വരുന്നു .തന്റെ ഉറ്റ ചങ്ങാതി .ഇരുവരും ഒരു ക്ലാസിൽ പഠിക്കുന്നവരാണ് അയൽവാസികളുമാണ് .

"എന്താ അപ്പൂട്ടാ എന്തിനാ നീ വിളിച്ചത് ? "അമ്മൂട്ടി ചോദിച്ചു ."ഞാൻ തൃശ്ശൂർപൂരം കാണാൻ പോവ്വാ അച്ഛനും അമ്മയും സമ്മതിച്ചു അച്ഛൻ ജോലികഴിഞ്ഞു വന്നാൽ ഞങ്ങൾ പോകും

അതുപറയാനാ വിളിച്ചത് "അപ്പൂട്ടൻ ഉത്തരമായി പറഞ്ഞു ."ഓ അതിനു ഞാൻ എന്തുവേണം നീ വേണമെങ്കിൽ പൊക്കോ ഇത് എന്തിനാ എന്നോട് പറയുന്നത് ? "അമ്മൂട്ടി ചോദിച്ചു "നിനക്ക് അസൂയയാ അസൂയക്കാരി ഞാൻ പോകുന്നു .പൂരം കഴിഞ്ഞ് വന്ന് വിശേഷങ്ങൾ പറയാം റ്റാറ്റ ....ബായ് ...."അപ്പൂട്ടൻ ഓടിച്ചാടി വീട്ടിലേക്ക് പോയി .

അപ്പൂട്ടൻ വീട്ടിലെത്തുന്ന സമയം കൊണ്ട് അവിടെ ഒരു അത് ഭുതം നടന്നു .അച്ഛന്റെജോലി രണ്ടു ദിവസത്തേക്ക് കൂടിയായി അതായത് മൊത്തം മൂന്നു ദിവസം .അപ്പൂട്ടന് വലിയ വിഷമമായി അച്ഛൻ ഇന്നു പോയാൽ മൂന്നു ദിവസം കഴിഞ്ഞേ വരൂ എന്നോർത്തല്ല തൃശ്ശൂർപൂരം കാണാൻ കഴിയില്ലല്ലോ എന്നോർത്ത് .അങ്ങനെ അപ്പൂട്ടന്റെ തൃശ്ശൂർ പൂരം നിശ്ചലമായി .അന്നു രാത്രി അപ്പൂട്ടനെ സംബന്ധിച്ച് ഉറക്കമില്ലാത്ത രാത്രിയായിരുന്നു .കണ്ണ് തുറന്ന് അട്ടംനോക്കി തൃശ്ശൂർപൂരം

സ്വപ്നത്തിൽ കണ്ട് അപ്പൂട്ടൻ കിടന്നു ഉറങ്ങാതെ കണ്ണു

ചിമ്മാതെ .



അഗ്നിറ്റ ടോണി

X C



# കേരളത്തിനെന്തുപറ്റി ?...



മഴ മഴ  മഴ   വന്നെത്തി

കാലവർഷം തുടങ്ങുകയായ്

ഇടിയും മിന്നലുമായ്  നീ

വന്നെത്തിയല്ലോ എന്റെ മുന്നിൽ

ഡാമുകൾ തുറന്നപ്പോൾ

വെള്ളം ആഞ്ഞടിച്ചു

ഡാമുകൾ പ്രക്ഷോഭതിരകളാൽ മാറി

പാടവും തോടുകളും നിറഞ്ഞൊഴുകി

പാടവും റോഡും ഒരുമിച്ചുകൂടി

വീടുകൾക്ക് നാശം വരുത്തിവെച്ച .

പാഞ്ഞു വന്നെത്തി നീ അടിച്ചുവീശി

ശക്തികാറ്റായി വന്നു നീ

ഉഗ്രതയോടെ ആഞ്ഞടിച്ചു

കാറ്റിൽ എന്നെ വിറപ്പിച്ചു .

ഒരുപാടു നാശം വരുത്തിവെച്ചു

ചാഞ്ചാടുന്ന ചില്ലകൾ കണ്ട്

അപകടം മുന്നിൽ നോക്കി നിൽക്കെ

കേരളമാകെ ഒന്നായി

ഞാനും മറ്റെല്ലാവരും വരും നാളിലെ

മഹാദുരന്തം മുന്നിൽ കണ്ടുപോയി .



അലീന എൻ എ


IX A




REDMI NOTE5 PRO
MI DUAL CAMERA



# മഴയുടെ ദുഃഖം



മഴ പെയ്തു തകർത്തു പെയ്തു

മരങ്ങളെല്ലാം മഴയെ പുണർന്നു

മഴകിട്ടി മണ്ണിന്റെ ദാഹം തീർന്നു.

മരത്തിലെ കിളിക്കൂട്ടം പറന്നുപോയി

പാവങ്ങളുടെ കൂരകളെല്ലാം

കനത്ത മഴയിലൊലിച്ചു പോയി

മനസ്സുരുകി പാവങ്ങൾ മഴയെ ശപിച്ചു

എന്തേ ഈ ചതി ഞങ്ങളോട്?

പാവം മഴനിന്നാർത്തു കരഞ്ഞു.

ഈ മനുഷ്യരൊക്കെയുമിങ്ങനെയോ?

നല്ലതു ചെയ്തീടിലും കുറ്റം മാത്രം

മാനത്തെ മഴക്കാറു തീർത്തൊതുങ്ങി

മലയാള നാട്ടിലെ മഴയും മങ്ങി



ഹെന്ന വിൻസെന്റ്

X A







ഗൗരിനന്ദന പി എസ് IX A

# നിൻ മൗനം

മൊഴികളിൽ നിറയാതെ
മിഴികളിൽ നിറയിന്ന

മധുരമാം നിൻ നേത്രമൗനം

ആദ്യമായ് നിന്നോട്പ്രണയം ചൊന്നതും

പകരം നീ തന്നതും മൗനം

പകുതിയിൽ നിന്നൊരാ പാട്ടിന്റെ

ഒടുവിൽ നീ എഴുതിയതിന്നേതുമൗനം

കാണുവാൻ ഓരോരോ വഴികൾ നാം

തേടുമ്പോൾ അവിടെ വന്നെതിരേൽക്കും നിൻമൗനം

ഒടുവിൽ നാം കാണുമ്പോൾസ്നേഹത്തിൻ കൈകളാൽ

മൂടുമാ കണ്ണിലും മൗനംജീവിതമെന്നൊരാ

സുഖമിന്നിതോർക്കുമ്പോൾ

കാത്തിരിപ്പിന്നതും മൗനം

പ്രണയമാം ജീവിതത്താഴതിൽ എന്നും

എൻ കൂട്ടായി നിന്റെ മൗനം

വിജനമാം നടവഴിയിലൂടെ നാം പോകുമ്പോൾ

പ്രകൃതിയിൽ കണ്ടു നിൻ മൗനം

പകുതിയിൽ വെച്ച് നാം വഴി തെറ്റിയപ്പോൾ

നിൻ മിഴി തന്നതും മൗനം

വിടചൊല്ലിപോകുമോ ജീവിതയാത്രയിൽ

നിൻ മിഴി നീരിലും മൗനം

കാലങ്ങൾക്കിടയിലും ഞാൻ കണ്ട സ്വപ്നത്തിൽ

ചിറകിലും നിന്റെ ആ മൗനംഅറിയാതെ പോയൊരാ

മൗനത്തിൻവേദന എന്നു മതോർക്കുന്നു



ഫിദ പി ആർ
X C

# കൂട്ടുകാർ

ഏഴുവർണ്ണങ്ങളാണു ഞങ്ങൾ.

ഞങ്ങളെ സ്നേഹിക്കുന്നവരാണു ഇവിടെ.

യതാർത്ഥ കൂട്ടുകാർ ഏതൊരു പ്രതിസന്ധിയും

അവസ്ഥയും നേരിടുന്നവരാണ്.

ഞങ്ങൾ ഒരു കുടുംബമാണ്

മാതാപിതാക്കൾക്കും, ഗുരുക്കൻമാർക്കും,മുതിർന്നവർക്കും

ഞങ്ങൾ അതിന്റെ സ്ഥാനം നൽകാറുണ്ട്

ഞങ്ങൾ ഏഴുവർണ്ണങ്ങൾക്കും ഒരേ സ്വഭാവമാണ്

ഞങ്ങളാണ് യതാർത്ഥ സുഹൃത്തുക്കൾ.



ദേവിക കെ പി

IX A

# ചാന്ദ്രപ്രഭയിൽ ചന്ദ്രയാൻ–2



2019 ജൂലായ് 22 ന് നടന്ന ചന്ദ്രയാൻ–2 വിന്റെ വിക്ഷേപണം വിജയകരമായി .ഐ.എസ്.ആർ.ഒ യുടെ രണ്ടാം ചാന്ദ്രദൗത്യമായ ചാന്ദ്രയാൻ–2 വിന്റെ വിക്ഷേപണ വിജയം വലിയനേട്ടമാണ്.ISRO യുടെ നിശ്ചയദാർഢ്യവും മികവുമാണ് ഇത് പ്രകടമാക്കുന്നത്.സാങ്കേതിക വിദ്യയുടെ വലിയ കുതിപ്പാണ്.

വിക്ഷേപണം വിജയിച്ചതോടെ ദൗത്യത്തിന്റെ ആദ്യഘട്ടം പൂർത്തിയായി.ഇനി 47 ദിവസത്തെ കാത്തിരിപ്പാണ്.സെപ്റ്റംബർ ഏഴിന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സുരക്ഷിതമായി ഉറങ്ങുകയെന്നത്സങ്കീർണ്ണമായ സാങ്കേതികതയാണ്. ചന്ദ്രനിൽ ലാൻസറിനെ സോഫ്റ്റിലലാന്ഡ് ചെയ്യിക്കാൻ കഴിഞ്ഞാൽ ഈ രംഗത്തെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറും.മനുഷ്യന് അജ്ഞാതമായ ചന്ദ്രന്റെ



ദക്ഷിണധ്രുവമേഖലയിൽ നിന്ന് സൗരയൂഥത്തിന്റെ വിലപ്പെട്ട വിവരങ്ങൾ ലഭ്യമാകുമെന്നാണ് കരുതുന്നത്.ഭാവിയിൽ ഗോളാന്തരപര്യവേഷണങ്ങൾക്കുള്ള ഇടത്താവളമായി

ഈമേഖല മാറുന്നതിനു വഴിത്തിരിവാകും ഈ ദൗത്യം.ഉപരിതലഘടന,ജലത്തിൻെറയുംമൂലകങ്ങളുടെയും സാന്നിധ്യം,വിവിധഊർജ്ജസ്രോതസ്സുകളുടെകണ്ടെത്തൽ തുടങ്ങിയവയെല്ലാം ദൗത്യത്തിൻെറ ലക്ഷ്യങ്ങളാണ്.14 ദിവസം റോവർ നടത്തുന്ന പഠനനിരീക്ഷണങ്ങൾ ഏറെ നിർണായകമാകും.

വിദേശരാജ്യങ്ങളെ ആശ്രയിക്കാതെ നമ്മുടെ ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ദരും സ്വന്തമായി രൂപകല്പനചെയ്ത് നിർമ്മിച്ചയച്ചദൗത്യമാണിത്.ഐ.എസർ.ഒ.ഏറ്റെടുത്തദൗത്യങ്ങളിൽ ഏറ്റവും സങ്കീർണമായതാണ് ചന്ദ്രയാൻ

ശ്രീഹരിക്കോട്ടയില്നിന്ന്തിങ്കളാഴ്ചനിശ്ചിതസമയത്ത്കുതിച്ചുയർന്ന ജി.എസ്.എൽ.വി മാർക്ക്-3 ഇന്ത്യയിൽ നിർമ്മിച്ചിട്ടുള്ളതിൽ ഏറ്റവും കരുത്തുള്ള റോക്കറ്റാണ്.ബാഹുബലി എന്ന് വിളിപ്പേരുള്ള ഈ റോക്കറ്റ് 3840 കിലോഗ്രാം ഭാരമുള്ള ചന്ദ്രയാൻ 2 ന് ഭൂമിയെ ചുറ്റുന്ന ഇടക്കാല പദത്തിൽ

എത്തിച്ചു.അതിസങ്കീർണ്ണ ബഹിരാകാശ ദൗത്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നടത്താനുള്ള ഇന്ത്യയുടെ ശേഷിക്ക് മറ്റൊരു തെളിവുകൂടിയാകും ചന്ദ്രയാൻ-2.



ദേവിക കെ എസ്

X . C



# മേഘത്തിൻറമക്കൾ

മാരിവിൽ നിറയും മാനത്ത്

പുഞ്ചിരി തൂകും മേഘമേ

മക്കളെ താഴത്ത് വീഴ്ത്തുമ്പോൾ

സങ്കടമെന്തേ തോന്നാത്തൂ?

മക്കളെ ജോലിക്കയച്ചതാണോ?

കാണുവാനൊട്ടും കൊതിവരില്ലേ......

കാണുമ്പോൾ കണ്ണുനിറഞ്ഞീടില്ലേ

തേങ്ങലിൻ ശബ്ദം ഞാൻ കേട്ടിടുന്

കേൾക്കുമ്പോൾ എൻ നെഞ്ചു വിങ്ങിടുന്നു





ശിവാനി എൻ എസ്

IX A

# കൂണുകൾപോലെമുളച്ചുപൊന്തുന്നവൃദ്ധസദനങ്ങൾ



വൃദ്ധസദനങ്ങളെ നമുക്ക് കൂണുകൾ എന്നു തന്നെ വിശേഷിപ്പിക്കാം. കാരണം ഇക്കാലത്ത് ദിനംപ്രതി നൂറുക്കണക്കിന് വൃദ്ധസദനങ്ങളാണ് ഉയർന്നുവരുന്നത്.നമ്മളെ കൈപിടിച്ച് നടത്തിയ മാതാപിതാക്കളേയും മുത്തശ്ശി മുത്തശ്ശന്മാരേയും ഒരു പ്രായം കഴിഞ്ഞാൽ ശല്യമായികരുതി വൃദ്ധസദനത്തിലേക്ക് നടതള്ളുന്നു  മുത്തശ്ശൻ മാരേ ബഹുമാനത്തോടെ കടന്നു കൊണ്ടിരിക്കുന്നു.കാലം നമ്മുക്ക് സ്വന്തമായിരുന്നു.എന്നാൽ കാലം മാറിയപ്പോൾ മാതാപിതാക്കളെ പോലും ശല്യമായി കരുതി വൃദ്ധസദനങ്ങളിൽ നടതള്ളുന്നതുവരെയായി കാര്യങ്ങൾ. വാദ്ധക്യം ബാല്യത്തെപ്പോലെയാണ്.അവർ

അവരുടെ മക്കളുടെ സഹായം തേടും.ബാല്യത്തിൽ നമ്മൾ

അമ്മയുടെ സഹായം തെടുന്നതുപോലെ അന്ന് അവർ ഒരു

വിഷമവും തോന്നാതെ ചെയ്തുതരുമായിരുന്നു.അവർക്ക്

ഒരിക്കലും നമ്മളെ ശല്യമായി തോന്നിയിട്ടില്ല.പക്ഷെ ഇന്ന്

നമ്മളിൻ ഭൂരിഭാഗം ആളുകളും അതൊന്നും ഓർക്കാതെ

അവരെ ഒഴിവാക്കുന്നതു നമ്മൾ അവരെ വൃദ്ധാസദനത്തിൽ

ആക്കുമ്പോള്അവരുടെമക്കളേയുംമരുമക്കളെയുംപിരിയുന്നതി

ൽഉള്ളവിഷമംപറഞ്ഞറിയിക്കാനാകാത്തതാണ്. അവർ

സന്തോഷത്തോടെയാണോ അവിടെ താമസിക്കുന്നത് എന്നു

പോലും അന്വേഷിക്കാൻ മടിക്കുന്നു നമ്മളിൽ പലരും.അത്രയ്ക്കും

ശല്യമായോ നമ്മുടെ ബന്ധുക്കളും മാതാപിതാക്കളും.സ്വന്തം

മക്കളുടെ കൂടെ ഒരു കൊച്ചുവീട്ടിൽ ഒരു ദിവസമെങ്കിലും ഉണ്ടും

ഉറങ്ങിയും സന്തോഷത്തോടെ ജീവിക്കണം എന്ന്

കൊതിക്കുന്ന ഒരായിരം അമ്മ മനസ്സുകൾ ഈ

ലോകമെമ്പാടും ഉണ്ട്.അത് കൊണ്ട് നമ്മുടെ

മാതാപിതാക്കളെയും മുത്തശ്ശി മുത്തശ്ശന്മാരേയും ഒരു പഴയ ഓർമ്മകളിലേക്ക് കൊണ്ടുപോവാൻ ഒന്നു ശ്രമിക്കുക.



അവരെ വൃദ്ധാസദനത്തിൽ നടതള്ള്ന്നതിന് മുമ്പ് സ്വന്തം മക്കളുടെ കൂടെ കുറച്ച് സമയം ചിലവഴിക്കാനുള്ള അവരുടെ ആശ സഫലമാക്കാൻ ഒരു ചുവട് മുന്നോട്ട്വെക്കുക...അവരെസന്തോഷിപ്പിക്കുക....വൃദ്ധാസദനങ്ങൾക്ക് പകരം ഒരു അമ്മക്കിളിക്കൂട് പണിയാൻ അവരെ സഹായിക്കൂ....!



ആര്യനന്ദ പി എസ്
X C



# പച്ചപടർപ്പിലെസ്ത്രീമനസ്സ്



നീലമാകുന്ന ആകാശം
നോക്കിനിൽക്കവേ
പച്ചപടർപ്പിനിടയിലൂടെ
ഉയരുന്നു അവൾ,
സൂര്യകിരണങ്ങളോടടുക്കണം എന്നുണ്ടെങ്കിലും;
ആഗ്രഹം  അർദ്ധാവൃത്തംപ്പോൽ ഒതുങ്ങുന്നു.
പതുക്കെ....പതുക്കെ  ആടിയുലയുന്നു;
അവളുടെ  നെഞ്ചിലെ  പനിനീർ പൂവുകൾ,
ഉയരണം  എന്നൊരു കിനാവു മാത്രമായ
സഞ്ചാരപാതയിൽ  നിശ്ചലമായവൾ;
ഉയരണമെന്നൊരൊറ്റ  വേദവാക്യത്തിൽ;
അന്ധമൂകമാകുന്നു അവളുടെ യാത്ര,
കാലൊന്നു  വഴുതിയന്ധതയിൽ  മുങ്ങിയവൾ;

പുഷ്പമാകുന്ന ജീവിതം വ്യർഥമാകുന്നുഎന്ന ചിന്തയിൽ.

അങ്ങനെയിരിക്കെ സംഘർഷനവേളയിൽ

ശലഭാം സോദരൻ അവളെ തേടിയടുക്കുന്നു,

മിഥ്യാ പ്രതിബിംബമാം മനസ്സിന്റെ കോണുകൾ

വെളിച്ചമാർന്ന പാതയിൽ പറയുന്നു,

നാളുകൾ നീളുന്നു.... എങ്കിലും കിനാവുകൾ

ആഗ്രഹമായവളുടെ നെഞ്ചകത്തിൽ.



മാളവിക മോഹൻദാസ്

X A



# LITTLE KITE ACTIVITIES





SCHOOLWIKKI




SAMETHAM



# WANDORE'S MIND



**when once I was weary**

**sleep deityblessedme early**

**Is lightly grabbed myted**

**that sounds too agitated**

**visuals just spread their colours**

**that together made errors**

**at last it do come dear**

**I was aloe and felt fear**

**at there came some fire flies**

**that looked like candle lights**

**it really sank,  fair.**

**With gently down air**

**stream's flowed endless ,**

**and trees stood fearless.**

**I woke at half.  Oops**

**then I realised I was in woods**



PRAJEESH JAYAN

X A



# HEAVEN OF DREAMS



Dream.... Dream.... Dream

Flowing like a sea wave
Waves flowed deep to the sea
like a wave it flows through me

Witnessed many of the wonders
Also through the blended notes,
of my thoughts in my mind

Suddenly became lament on the bad thoughts

Hearing the bad notes of mind,

Waves of dreams became uncontrollable

Some times it pass to get that thoughts

get back to their own life without success

Became aware of my blissful thoughts

ensure to catch my sweet, pleasant moments

Passing through my unexpensive world

“The World of Dreams”,The Heaven’’





MALAVIKA MOHANDAS

X A

# PAINTING





അരുൺ ഇ എസ്

IX B

# धरती

नदियौ की मुस्कान

चिडियो की चहल-पहल

फूलो की खुशबू

सभी धरती को सुन्दर बनाती है



धरती की गोद मे पलॆ जीवजन्तु

सुख का अनुभव करते है

पकृति की छाँह

खुशी मॆ झूम उडती है

धरती...... तू धन्य है......



सिन्डिला ९ए

# आ गया वसंत धरती पर



निकल पडी ऋतुरुज की सेना

कलि कुसुमों  सॆ सजो राह पर,

खिल उठी उर धरती का,

डॊलनॆ लगॆ वृक्ष लताएँ उन्माद पर ।

गूज उठी चिडियाँ कॆ कलरव सॆ,
घॊसलॊं की कुहू कुहू सॆ,



और भंवर के गुनगुनाने से ।

खिल उठा अपना मन

देखो वृक्षो को,

फल फूलो से भरापकृति का मनोरम सौदर्य,



नन्दना के वी

X A










KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS